**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2392** **30-09-2025 - ൽ മറുപടിയ്ക്ക്**

**കെ സ്മാർട്ട് പദ്ധതിയിൽ ജനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിയ കെ-സ്മാർട്ട് പദ്ധതിയിൽ ജനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **സാങ്കേതിക വിദ്യയിൽ പരിജ്ഞാനം കുറഞ്ഞവർക്കും അത് ലഭ്യമല്ലാത്തവർക്കും കെ സ്മാർട്ട് സാങ്കേതികവിദ്യ സ്വായത്തമാവുകയും പരിചിതമാവുകയും ചെയ്യുന്നതുവരെ പൊതുജനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റ് മാരുടെ നേതൃത്വത്തിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. കെ സ്മാർട്ട്സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും മറ്റ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന പരാതികൾ തുടർ നടപടി സ്വീകരിക്കുന്നതിനായി സമയബന്ധിതമായി ഐ കെ എം ന് കൈമാറുന്നുണ്ട്. 10.04.2025 ലെ സ.ഉ(കൈ) നം 66/2025/എൽ എസ്ജിഡി നം ഉത്തരവ് പ്രകാരം കെ സ്മാർട്ട് സംവിധാനം കുറ്റമറ്റ വിന്യാസത്തിനും നിർവ്വഹണത്തിനും മോണിറ്ററിംഗിനുമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഇംപ്ലിമെൻറേഷൻ ആൻറ് മോണിറ്ററിംഗ് സെൽ (SIMC, DIMC) രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.** |
| (ബി) | കെ-സ്മാർട്ട് വഴി അപേക്ഷകൾ സമർപ്പിക്കുന്നതിന് ആധാർ അധിഷ്ഠിത ഒ. ടി. പി. സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ആധാർ ഡേറ്റയിൽ മൊബൈൽ നമ്പർ പുതുക്കാത്തതിനാലും വെബ് സൈറ്റിന്റെ മറ്റു തടസ്സങ്ങളും കാരണം പലർക്കും ഒ. ടി. പി. ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ആധാർ അധിഷ്ഠിത ഒ.ടി.പി. സംവിധാനം നിർബന്ധമാക്കിയിട്ടില്ല. കെ സ്മാർട്ടിൽ ആധാർ അധിഷ്ഠിത KYC വെരിഫിക്കേഷൻ (OTP മുഖേന) ചില സേവനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ലഭ്യമല്ലാത്തവർക്ക് മറ്റ് ഡോക്യുമെന്റുകൾ ഉപയോഗിച്ച് ലോഗിൻ തയ്യാറാക്കാവുന്നതും മൊബൈൽ നമ്പറോ ഇ മെയിൽ യൂസർ ഐഡി ആയി ഉപയോഗിക്കാവുന്നതാണ്. |
| (സി) | ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ഇല്ലാത്തതിനാൽ കെ-സ്മാർട്ട് വഴി അപേക്ഷകൾ | (സി) | ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ലഭ്യമല്ലാത്തവർക്ക് മറ്റ് രേഖകൾ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | ലോഗിൻ തയ്യാറാക്കാവുന്നതും മൊബൈൽ നമ്പറോ ഇ മെയിൽ വിലാസമോ യൂസർ ഐഡിയായി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ